<u>പത്രക്കുറിപ്പ്</u>

# 'ജീവിതശൈലി' സന്ദേശം പകർന്ന് ഈ വർഷത്തെ അധ്യാപക ദിനാഘോഷം

തിരുവനന്തപുരം :

'ജീവിതശൈലി' സന്ദേശം പകർന്ന് ഈ വർഷത്തെ സംസ്ഥാന അധ്യാപക ദിനാഘോഷം വ്യത്യസ്തമാകുന്നു.

ഈ വർഷത്തെ സംസ്ഥാന അധ്യാപക ദിനാഘോഷവും ടി.ടി.ഐ., പി.പി.ടി.ടി.ഐ. കലോത്സവവും സെപ്തംബർ 4, 5 തീയതികളിൽ തിരുവനന്തപുരം അട്ടക്കുളങ്ങര സെൻട്രൽ ഹൈസ്കൂളിൽ നടക്കും. അധ്യാപക ദിനാഘോഷം സെപ്തംബർ അഞ്ചിന് രാവിലെ പത്ത് മണിയ്ക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

മലയാളികളുടെ ജീവിതശൈലിയ്ക്ക് ആരോഗ്യപരമായ മാറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ വർഷം അധ്യാപകദിനത്തിൽ പൊതുജനങ്ങളെയും വിദ്യാർഥികളെയും അധ്യാപക സമൂഹത്തെയും ബോധവൽക്കരിക്കുന്നതിനായി 'ജീവിതശൈലി' എന്ന വിഷയം തെരഞ്ഞെടുത്തത്.

സംസ്ഥാനത്തെ പതിമൂവായിരത്തോളം വിദ്യാലയങ്ങളിലും അധ്യാപക ദിനാഘോഷത്തോടനുബന്ധിച്ച് 'ജീവിതശൈലി'യെക്കുറിച്ച് റിട്ടയർ ചെയ്ത അധ്യാപകർ സന്ദേശ പ്രഭാഷണം നടത്തും. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഒരു സ്കൂളിൽ എം.എൽ.എ മാർ 'ജീവിതശൈലി' സന്ദേശം നൽകും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, മേയർമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർമാൻമാർ എന്നിവരും വിദ്യാലയങ്ങളിൽ 'ജീവിതശൈലി' സന്ദേശം നൽകും.

സംസ്ഥാനതല ഉദ്ഘാടന യോഗത്തിൽ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അധ്യക്ഷത വഹിക്കും. വൈദ്യുതി-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.പി.മാരായ ശ്രീ. ശശി തരൂർ, ഡോ. എ. സമ്പത്ത്, എം.എൽ.എ-മാരായ ശ്രീ. വി.എസ്. ശിവകുമാർ, ശ്രീ. ഒ. രാജഗോപാൽ തുടങ്ങിയവർ പങ്കെടുക്കും.

വിവിധ ജില്ലകളിൽ മന്ത്രിമാരായ ശ്രീമതി കെ.കെ. ശൈലജടീച്ചർ, ശ്രീ. കെ.ടി. ജലീൽ, ശ്രീ വി.എസ്. സുനിൽകുമാർ, ശ്രീ. ജി. സുധാകരൻ, ശ്രീ. ഇ. ചന്ദ്രശേഖരൻ എന്നിവർ 'ജീവിതശൈലി' സന്ദേശം നൽകും.

തിരുവനന്തപുരം മേയർ അഡ്വ. വി.കെ. പ്രശാന്ത് ചെയർമാനായും ഡെപ്യൂട്ടീ മേയർ ശ്രീമതി രാഖി രവികുമാർ വൈസ് ചെയർമാനുമായി സ്വാഗതസംഘം രൂപീകരിച്ചു.

2016 സെപ്തംബർ നാലിന് അട്ടക്കുളങ്ങര സ്കൂൾ അങ്കണത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീ. കെ. വി. മോഹൻകുമാർ ഐ.എ.എസ് പതാക ഉയർത്തുന്നതോടുകൂടി അധ്യാപകരുടെയും അധ്യാപക-വിദ്യാർഥികളുടെയും കലാമത്സരങ്ങളുടെ തുടക്കം കുറിക്കും. കലാമത്സരങ്ങളുടെ സമ്മാനവിതരണം വൈകീട്ട് നാലിന് നടക്കും.

അധ്യാപക അവാർഡ്, പി.റ്റി.എ അവാർഡ്, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സാഹിത്യ അവാർഡ്, വിദ്യാരംഗം കലാസാഹിത്യവേദി അവാർഡ് എന്നിവ സെപ്തംബർ അഞ്ചിന് ഉദ്ഘാടന ചടങ്ങിൽ വിതരണം ചെയ്യും.

പൊതുവിദ്യാഭ്യാസ ഡയറക്ടർ